ഉത്തരം

(എ) നിലവിലില്ല.

(ബി) സ്ഥിരമായി ഹെൽപ്പർമാരെ നിയമിച്ചിട്ടില്ലാത്ത ചില മാവേലി സ്റ്റോറുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിയമിച്ചിട്ടുള്ള ഹെൽപ്പർമാർ ജോലി നോക്കുന്നുണ്ട്.

(സി) 327 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) ഹെൽപ്പർ തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിലേയ്ക്കായി ഹെൽപ്പർ തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ലിസ്റ്റുവരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

പെൻഷനായ ജീവനക്കാർ

22 (955) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2001 ജനുവരി 31 വരെ എത്ര ജീവനക്കാർ പെൻഷനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കാലയളവിൽ പി.എസ്.സി. മുഖേന എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുള്ള തസ്തികകളിൽ പി.എസ്.സി.യെ മറികടന്ന് ഡെയ്ലി വേജസ് പ്രകാരം നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാന സർക്കാരിന്റെ വൻതുക ഷെയറായും ഗ്രാന്റായും ലോണായും വാങ്ങുന്ന സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലും കോർപ്പറേഷനുകളിലും നേരിട്ട് നിയമനം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രോസിക്യൂട്ടർമാർക്ക് പ്രൊമോഷൻ ലഭിക്കുന്നില്ലെന്ന പരാതി

23 (956) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.പി.സി കൂടുന്നതിലുള്ള കാലതാമസം മൂലം പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് അർഹമായ പ്രൊമോഷൻ യഥാസമയം ലഭിക്കുന്നില്ലായെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly